# Athmaraksha.org

ലേഖനം - കുടുംബം,സമാധാനം,സന്തോഷം, കരുണ

## ദൈവത്തിന്റെ പേരാണ് കാരുണ്യം




'ദൈവത്തിന്റെ പേരാണ് കാരുണ്യം.' കരുണയുടെ ഉൗഷ്മൾസ്പർശംകൊണ്ടും ലാളിത്യത്തിന്റെയും സ്നേഹത്തിന്റെയും പരിലാളനംകൊണ്ടും ലോകത്തെ കോരിയെടുത്ത ഫ്രാൻസിസ് മാർപാപ്പായുടെ ജനുവരിയിൽ പുറത്തിറങ്ങുന്ന പുസ്തകമാണ് 'ദ നെയിം ഓഫ് ഗോഡ് ഈസ് മേഴ്സി.' വത്തിക്കാൻ എക്സ്പേർട്ടും ഇറ്റാലിയൻ ജേർണ്ണലിസ്റ്റുമായ ആൻഡ്രിയ ടോർണിലി മാർപാപ്പായുമായി നടത്തുന്ന അഭിമുഖം പോലെയാണ് പുസ്തകം തയ്യാറാക്കിയിരിക്കുന്നത്.

പാപ്പായുടെ കയ്യക്ഷരത്തിൽ പേരെഴുതിയ പുസ്തകത്തിന്റെ കവർചിത്രം ശ്രദ്ധിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു. പുസ്തകത്തിന്റെ പ്രകാശനം ജനുവരി 12-ന് നടക്കും. പുസ്തകത്തിൽ പരിശുദ്ധ പിതാവ് കാരുണ്യത്തെ തന്റെ പ്രബോധനങ്ങളുടെയും സാക്ഷ്യത്തിന്റെയും കേന്ദ്രബിന്ദുവായിട്ടാണ് അവതരിപ്പിക്കുന്നത്. ഒപ്പം അനുരഞ്ജനവും ദൈവത്തോടുള്ള അടുപ്പവും എടുത്തുകാണിക്കുന്നു. സഭയിൽ നിന്നകന്നുപോയവരിലേക്കും അകത്തോലിക്കരിയിലേക്കും കാരുണ്യത്തിന്റെ കരങ്ങളുമായി കടന്നുചെല്ലുവാൻ ആഗ്രഹിക്കുന്നതായും പാപ്പാ വെളിപ്പെടുത്തുന്നു. റാൻഡം ഹൗസ് ജനുവരിയിൽ ഇതിന്റെ ഓഡിയോബുക്കും പുറത്തിറക്കും. ഇപ്പോൾതന്നെ ഈ പുസ്തകത്തെക്കുറിച്ചുള്ള അന്വേഷണം ലോകംമുഴുവൻ ആരംഭിച്ചുകഴിഞ്ഞു. അജഗണങ്ങളോട് സംവദിക്കുവാൻ ആദ്യമായിട്ടാണ് ഒരു മാർപാപ്പാ അഭിമുഖശൈലിയിൽ പുസ്തകം തയ്യാറാക്കുന്നത്.

വത്തിക്കാനിലെ ല സ്റ്റാംമ്പ ന്യൂസ്പേപ്പറിന്റെയും വത്തിക്കാൻ ഇൻസൈഡർ വെബ്സൈറ്റിന്റെയും റിപ്പോർട്ടറാണ് ടോർണിലി. അദ്ദേഹം നേരത്തെ രചിച്ച മാർപാപ്പായുടെ ജീവിതകഥ 16 ഭാഷകളിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്. ഫ്രാൻസിസ് പാപ്പായുടെ ഈ പുസ്തകം സഭയ്ക്ക് അകത്തും പുറത്തുമുള്ള ജീവിതത്തിന്റെ അർത്ഥം തേടുന്നവരും സമാധാനവും അനുരഞ്ജനവും ആഗ്രഹിക്കുന്നവർക്കും ആത്മീയവും ശാരീരികവുമായ മുറിവുകൾക്ക് സൗഖ്യം തേടുന്നവർക്കും വേണ്ടിയുള്ളതാണെന്ന് പ്രസാധകർ പറയുന്നു. ഫ്രാൻസിസ് മാർപാപ്പാ അസാധാരണവ്യക്തിത്വ മാണ്. അനേകായിരങ്ങളെ അദ്ദേഹം സ്വാധീനിക്കുന്നു. മതത്തിന്റെയും രാഷ്ട്രീയത്തിന്റെയും അതിർവരമ്പുകളെ ഭേദിച്ച് അദ്ദേഹം എല്ലാവരിലേക്കും

എത്തിച്ചേരുന്നു.

ഫ്രാൻസിസ് മാർപാപ്പായുടെ പേപ്പസിയുടെ മുഖ്യമായ സന്ദേശം സഹാനുഭൂതിയും ക്ഷമയുമാണ്. കരുണയുടെ വർഷാചരണത്തിലൂടെ മാർപാപ്പാ ലക്ഷ്യമിടുന്നതും ആഗോള കത്തോലിക്കാസഭയിലെ അംഗങ്ങളോട് ഈ സന്ദേശം ഉൾക്കൊള്ളുക എന്നതാണ് 'സഭയിലൂടെ എങ്ങനെ ദൈവകരുണ മറ്റുള്ളവർക്ക് വ്യക്തമാക്കുവാൻ കഴിയും?' ഇതേ ദൗത്യത്തിന് എങ്ങനെ ജനത്തെ പങ്കെടുപ്പിക്കാൻ കഴിയുമെന്ന് താൻ പലപ്പോഴും ചിന്തിക്കാറുണ്ടെന്ന് മാർപാപ്പാ സൂചിപ്പിച്ചു. നാമെല്ലാം പാപികളായതിനാൽ ദൈവകരുണ ഏറെ ആവശ്യമുണ്ടെന്ന് തനിക്ക് ബോധ്യമുണ്ടെന്നും ജൂബിലി വർഷത്തിൽ നാം കരുണയുടെ സന്തോഷം വീണ്ടെടുക്കുകയും കണ്ടെത്തുകയും ചെയ്യണമെന്ന് പാപ്പാ ഓർമ്മിപ്പിച്ചു. അങ്ങനെ ഇന്ന് എല്ലാവരിലേക്കും ആശ്വാസം പകരുവാൻ നമുക്ക് കഴിയണം. പാപ്പാ വ്യക്തമാക്കുന്നു. ദൈവം വീണ്ടും വീണ്ടും ക്ഷമിക്കുമെന്ന് നമുക്കറിയാം. അതുകൊണ്ട് ഒരിക്കൽകൂടി ക്ഷമ ചോദിക്കുന്നതിന് നാം വിമുഖതകാണിക്കരുതെന്നും മാർപാപ്പാ കൂട്ടിച്ചേർത്തു.

കടപ്പാട്: സൺഡേ ശാലോം